**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5320** **02-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിത്തീറ്റയുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിത്തീറ്റയുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് പുറത്തിറക്കുന്ന അതുല്യം ലെയർ, അതുല്യം ഗ്രോവർ, കൈരളി എന്നീ ബ്രാൻഡ് കോഴിത്തീറ്റകൾ വിപണിയിൽ വിലക്കുറവിൽ ലഭ്യമാണ്. കൂടാതെ കർഷകർക്ക് ഗുണമേന്മയേറിയ കോഴിത്തീറ്റ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ തൃശ്ശൂർ ജില്ലയിലെ മാളയിൽ സ്ഥാപിക്കുന്ന കോഴിത്തീറ്റ ഉല്പാദന ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| (ബി) | കടക്കെണിയിലായ കോഴി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ